# ശൈഖ് റാഇദ് സ്വലാഹ് ലണ്ടനിൽ അറസ്റ്റിലായി



ശൈഖ് റാഇദ് സലാഹ്

ഫലസ്തീൻ ഇസ്ലാമിക പ്രസ്ഥാനത്തിന്റെ നേതാവ് ശൈഖ് റാഇദ് സ്വലാഹ് ലണ്ടനിൽ അറസ്റ്റിലായി. ബ്രിട്ടൻ സന്ദർശിക്കാൻ അനുമതിയില്ലാത്ത അദ്ദേഹത്തെ രാജ്യത്തുനിന്ന് പുറത്താക്കണമെന്നാണ് ആഭ്യന്തര മന്ത്രി നിർദേശിച്ചിട്ടുള്ളത്. ശൈഖ് റാഇദ് താമസിക്കുന്ന ഹോട്ടലിൽ വന്ന് അദ്ദേഹത്തെ അറസ്റ്റ് ചെയ്യുമ്പോൾ സർക്കാർ ഉത്തരവനുസരിച്ച് തടവിലാക്കുന്നു എന്നല്ലാതെ മറ്റു വിശദീകരണമൊന്നും നൽകിയിട്ടില്ലെന്ന് ശൈഖിനോടൊപ്പമുണ്ടായിരുന്ന ഡോ. ഹസൻ സുൻഉല്ലാഹ് പറഞ്ഞു. നിയമാനുസൃതമുള്ള വിസ ഉപയോഗിച്ചാണ് ശൈഖ് റാഇദ് ബ്രിട്ടനിൽ എത്തിയത്. ലണ്ടനിൽ ചില പരിപാടികളിൽ പങ്കെടുക്കാനാണ് ഒരാഴ്ച മുമ്പ് ശൈഖ് ബ്രിട്ടനിലെത്തിയത്.

ശൈഖ് റാഇദിന്റെ അറസ്റ്റിനെത്തുടർന്ന് ലണ്ടൻ നഗരത്തിൽ വ്യാപകമായ പ്രതിഷേധ പ്രകടനം നടന്നതായി അന്താരാഷ്ട്ര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തു. 1958ൽ ഫലസ്ത്വീനിലെ ഉമ്മുൽ ഫഹ്മിൽ ജനിച്ച ശൈഖ് റാഇദ് അൽഖലീൽ സർവകലാശാലയിൽ നിന്ന് ഇസ്ലാമിക ശരീഅത്തിൽ ബിരുദമെടുത്തിട്ടുണ്ട്. ഫലസ്ത്വീൻ ഇസ്ലാമിക പ്രസ്ഥാനത്തിന് നേതൃത്വം നൽകുന്ന ശൈഖ് റാഇദ് 2010ൽ നടന്ന ഗസ്സ ഉപരോധലംഘന കപ്പൽ യാത്രയിൽ പങ്കെടുത്തിരുന്നു.




ലണ്ടനിൽ നടന്ന പ്രതിഷേധ പ്രകടനം

# അറേബ്യൻ വസന്തം: ഇന്റർനെറ്റ് കൂടുതൽ നിരീക്ഷണത്തിലേക്ക്




അറേബ്യൻ വസന്തം എന്ന പേരിൽ അറബ്, ഇസ്ലാമിക ലോകത്തുണ്ടായ വിപ്ലവത്തെത്തുടർന്ന് ഇന്റർനെറ്റ് കൂടുതൽ നിരീക്ഷിക്കപ്പെടാൻ സാധ്യതയുണ്ടെന്ന് ഗൂഗ്ൾ മേധാവി എറിക് ശമ്മി അഭിപ്രായപ്പെട്ടു. വിപ്ലവകാരികളുടെ ആശയക്കൈമാറ്റത്തിന് ഏറെ സഹായിച്ചത് വിവിധ സാമൂഹിക നെറ്റ്‌വർക്കുകളാണെന്ന് ഭരണകൂടങ്ങൾ തിരിച്ചറിഞ്ഞിട്ടുണ്ട്. ഹുസ്നി മുബാറകിനെ താഴെയിറക്കിയ ഈജിപ്ത് വിപ്ലവ കാലത്ത് ഗൂഗ്ളിന്റെ മിഡിലീസ്റ്റ് എക്സിക്യൂട്ടീവ് മേധാവി വാഇൽ ഗുനൈമിനെ അറസ്റ്റ് ചെയ്യാൻ അധികൃതർക്ക് പദ്ധതിയുണ്ടായിരുന്നെന്നും എറിക് കൂട്ടിച്ചേർത്തു. ഗൂഗ്ൾ പോലുള്ള സാമൂഹിക സൈറ്റ് വഴി വിവരങ്ങൾ ജനങ്ങളിലെത്താൻ ആഗ്രഹിക്കാത്ത ഏകാധിപതികൾ ദൃശ്യ, ശ്രാവ്യ മാധ്യമങ്ങൾക്ക് ഏർപ്പെടുത്തുന്ന നിയന്ത്രണം ഇന്റർനെറ്റിനും ഏർപ്പെടുത്തിയേക്കുമെന്നും തന്റെ സഹജോലിക്കാർ പീഡിപ്പിക്കപ്പെടുമെന്ന് ആശങ്കിക്കുന്നതായും എറിക് പറഞ്ഞു.

# 60 വർഷത്തിന് ശേഷം പരസ്യമായി ആദ്യ വനിതാ സമ്മേളനം

**ഈ**ജിപ്തിലെ ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ വനിതാ വിഭാഗം 60 വർഷത്തിന് ശേഷം ആദ്യമായി പരസ്യമായി വനിതാ സമ്മേളനം സംഘടിപ്പിച്ചു. അൽഅസ്ഹർ സർവകലാശാലയിലെ ഓഡിറ്റോറിയത്തിൽ ചേർന്ന സമ്മേളനത്തിൽ ഹസനുൽ ബന്നായുടെ പെൺമക്കളായ ഇസ്‌തിശ്ഹാദ്, സനാ എന്നിവർ ഉൾപ്പെടെ അയ്യായിരത്തിലധികം വനിതകൾ പങ്കെടുത്തു. ഇഖ്‌വാൻ മുഖ്യകാര്യദർശി ഡോ. മുഹമ്മദ് ബദീഅ് മുഖ്യ പ്രഭാഷണം നടത്തി. സമൂഹിക പരിവർത്തനത്തിന്റെ എല്ലാ തലത്തിലും സ്ത്രീകൾക്ക് പങ്കാളിത്തം വഹിക്കാനുള്ള അവസരമാണ് അര നൂറ്റാണ്ടിന് ശേഷം കൈവന്നിരിക്കുന്നതെന്ന് സനാ അൽബന്നാ അറബ് ചാനലുകൾക്ക് നൽകിയ അഭിമുഖത്തിൽ പറഞ്ഞു. “ഈജിപ്ഷ്യൻ വിപ്ലവത്തിൽ സ്ത്രീകൾ വഹിച്ച പങ്ക് നാം വിലമതിക്കുന്നു.



*ഇഖ്‌വാൻ വനിതാ വിഭാഗത്തിന്റെ സമ്മേളനം അൽഅസ്ഹറിൽ ചേർന്നപ്പോൾ*

പുരുഷനോടൊപ്പം ചേർന്ന് പരിഷ്കരണത്തിൽ അവളും പങ്കാളിയായി. രാഷ്ട്രീയ, സാമ്പത്തിക, സാമൂഹിക, സംസ്കരണ രംഗത്ത് അർഹമായ സ്ഥാനം സ്ത്രീകൾക്ക് നൽകണമെന്നാണ് നാം ലക്ഷ്യമാക്കുന്നത്.” ഇഖ്‌വാൻ നേതാവ് ഡോ. മുഹമ്മദ് ബദീഅ് തന്റെ പ്രസംഗത്തിൽ പറഞ്ഞു.

# ‘ഹസൻ, ഹുസൈൻ, മുആവിയ’ ടെലിഫിലിം റമദാനിൽ പ്രക്ഷേപണം ചെയ്യും

**ഇ**സ്‌ലാമിക ചരിത്രത്തിലെ സങ്കീർണ സംഭവങ്ങൾ ചിത്രീകരിക്കുന്ന ടെലിഫിലിം ‘ഹസൻ, ഹുസൈൻ, മുആവിയ’ റമദാനിൽ പ്രക്ഷേപണം ചെയ്യുമെന്ന് അൽഅറബിയ്യ ചാനൽ വൃത്തങ്ങൾ വ്യക്തമാക്കി. 30 ദിവസങ്ങളിലായാണ് ഒരു



*ടെലിഫിലിമിൽ നിന്നുള്ള രംഗം*

മണിക്കൂർ ദൈർഘ്യമുള്ള എപ്പിസോഡുകൾ പ്രക്ഷേപണം ചെയ്യുക.

പ്രവാചകന്റെ മരണത്തിന് ശേഷം ഇസ്‌ലാമിക രാഷ്ട്രത്തെ പിടിച്ചുകുലുക്കിയ സുപ്രധാന സംഭവങ്ങളാണ് ടെലിഫിലിം ചിത്രീകരിക്കുന്നത്. സിറിയ, ലബനാൻ, മൊറോക്കോ, ജോർദാൻ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിൽ ചിത്രീകരണം പൂർത്തിയാക്കിയ ഫിലിമിന്റെ സംവിധാനം അബ്ദുൽ ബാരി അബുൽഖൈറാണ്. മുഹമ്മദ് അൽയസാരി, മുഹമ്മദ് അൽഹസ്‌യാൻ എന്നിവരാണ് ആധികാരിക ഇസ്‌ലാമിക ചരിത്രത്തിന്റെ വെളിച്ചത്തിൽ തിരക്കഥ തയാറാക്കിയത്. റശീദ് അസ്സാഫ് ചിത്രത്തിൽ മുആവിയയുടെ വേഷമണിയും. തൽഹത് ഹംദി, താജ് ഹൈദർ, മുഹമ്മദ് ആൽറശി എന്നിവരാണ് മറ്റു മുഖ്യ നടന്മാർ. ഡോ. യുസുഫുൽ ഖറദാവി, ശൈഖ് സൽമാൻ അൽഔദ തുടങ്ങിയ നിരവധി പണ്ഡിതന്മാരും കുവൈത്ത് ഇസ്‌ലാമിക കാര്യ, ഔഖാഫ് മന്ത്രാലയവും ചിത്രത്തിന് അനുമതി നൽകിയിട്ടുണ്ട്.